# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2029 – 11/03/2020 - ലെ മറുപടിക്ക്

## ധനസഹായത്തിനുള്ള നിവേദനത്തിന്മേൽ നടപടി

ചോദ്യം
ശ്രീ.വി.ഡി.സതീശൻ

ഉത്തരം
ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ദിനംപ്രതി പരിതാപകരമായ സ്ഥിതിയിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രത്തിന്റെ സഹായം ആവശ്യപ്പെട്ട് ധനകാര്യ വകുപ്പ് മന്ത്രി നിവേദനം നൽകിയിട്ടുണ്ടോ; | കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെയും 2018 & 2019 വർഷങ്ങളിൽ തുടർച്ചയായുണ്ടായ പ്രകൃതി ദുരന്തങ്ങളുടേയും ഫലമായി തനത് നികുതി വരുമാനത്തിൽ കാര്യമായ ഇടിവുണ്ടായത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഇതിന്റെ പശ്ചാത്തലത്തിൽ, 2020-21 കേന്ദ്രബജറ്റിനു മുന്നോടിയായി, സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് 26/12/2019-ൽ കേന്ദ്രധനകാര്യ മന്ത്രിക്കു മുൻപാകെ നിവേദനം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ താഴെ ചേർക്കുന്നു.<br>1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും ജി.എസ്.ടി കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്നു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും ജി.എസ്.ടി-യ്ക്കു മേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.<br>2. മൾട്ടിലാറ്ററൽ ഏജൻസികളിൽ നിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.<br>3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകി വരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ എന്നത്, കേന്ദ്ര സഹായമായി 50 രൂപയോട്ടു കൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബജറ്റിൽ അനുവദിക്കുക.<br>4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവേദ അന്താരാഷ്ട്ര |
| (ബി) | പ്രസ്തുത നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ യെന്നുമുള്ള വിശദാംശം നൽകുമോ? | |

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.

5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള 531 കി.മീ ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലും ഒന്നിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.
6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS ന് തുല്യമായൊരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.
7. മലബാർ മേഖലയിലെ നിർധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ആരോഗ്യ നിധി പ്രോഗ്രാമിൽ ഉൾപ്പെടുത്തുക.
8. കൊച്ചിൻ ഷിപ്പ് യാർഡ്, FACT, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക. ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കാതിരിക്കുക.

മേൽ ആവശ്യങ്ങളിൻമേൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല തീരുമാനങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ, രാജ്യത്താകമാനമുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ, പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. GST നഷ്ടപരിഹാരം യഥാസമയം ലഭിക്കുന്നതിനായി നിരവധി തവണ സർക്കാർ തലത്തിലും വകുപ്പുതലത്തിലും നിവേദനങ്ങളും കത്തുകളും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**